(ഡി) 'റെൻറ് എ കാർ' എന്ന പേരിൽ സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്ക് ടാക്സി പെർമിറ്റ് നൽകാൻ നിയമം അനുശാസിക്കുന്നില്ല. 'റെൻറ് എ കാർ' സർവ്വീസ് നടത്തുന്ന കാറുകൾക്ക് ത്രൈമാസ നികുതി 450 രൂപയും ഇത്തരത്തിലുള്ള ടാക്സി കാറുകൾക്ക് ത്രൈമാസ നികുതി 360 രൂപ മുതൽ 390 രൂപ വരെയും മാത്രമാണ്. ആയതിനാൽ ഇത്തരം വാഹനങ്ങൾക്ക് ടാക്സി പെർമിറ്റ് നൽകിയാൽ നികുതി ഇനത്തിൽ കുറവാണ് സംഭവിക്കുന്നത്.

മോട്ടോർ വാഹന വകുപ്പിനെ സുതാര്യമാക്കുന്നതിന് നടപടി

70 [2722] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിന്റെ സേവനം പൊതുജനങ്ങൾക്ക് കൂടുതൽ സുതാര്യമായ രീതിയിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണവും നവീകരണവും നടപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) മോട്ടോർ വാഹന വകുപ്പിന്റെ സേവനം പൊതുജനങ്ങൾക്ക് കൂടുതൽ സുതാര്യമായ രീതിയിൽ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പിന്റെ എല്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുവാനും അതിലൂടെ വിവിധ സേവനങ്ങൾ സുതാര്യമായും വേഗത്തിലും ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്. കൂടാതെ വകുപ്പിലൂടെ നൽകുന്ന വിവിധ സേവനങ്ങളെ സംബന്ധിച്ചും അവയുടെ നടപടിക്രമങ്ങളെ സംബന്ധിച്ചും പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി വകുപ്പ് ഒരു വെബ്സൈറ്റ് ആരംഭിക്കുകയും നടപടിക്രമങ്ങളടങ്ങുന്ന ലഘുപുസ്തകം പ്രസിദ്ധീകരിക്കുകയും 'പൗരാവകാശരേഖ' പ്രസിദ്ധപ്പെടുത്താനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണവും നവീകരണവും നടപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ സോഫ്റ്റ്വെയർ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററും മോട്ടോർ വാഹന വകുപ്പും ചേർന്ന് തയ്യാറാക്കി. തിരുവനന്തപുരം ആർ. ടി. ഓഫീസ് ഏതാണ്ട് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു. കൂടാതെ ലൈസൻസുകൾ സംബന്ധമായ ജോലികൾ, എറണാകുളം, കോഴിക്കോട്, എന്നീ ആർ. ടി. ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. എല്ലാ ഓഫീസുകളുടെയും കമ്പ്യൂട്ടർവൽക്കരണം ഈ വർഷംതന്നെ പൂർത്തിയാക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു. ഇതിൽ സഹകാര്യ മേഖലയുടെയും സഹകരണം പരിഗണിക്കുന്നുണ്ട്. വകുപ്പിന്റെ ചെക്ക്പോസ്റ്റുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള സാദ്ധ്യതാപഠനം 'നാറ്റ്പാക്' ചെയ്തുവരുന്നു. വകുപ്പിന്റെ സേവനം കൂടുതൽ സുതാര്യമാക്കുന്നതിന് ആന്ധ്രാ മോഡലിൽ 'ഫാസ്റ്റ്' സമ്പ്രദായം നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly